(ബി) അപ്രകാരം പ്രതിസന്ധി സൃഷ്ടിച്ചതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും നിയമാനുസൃതമായുള്ള ജനോപകാര പദ്ധതികളിൽ സർക്കാരിന്റെ നടപടികൾമൂലം പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടാൽ അവ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി&ഡി) സംസ്ഥാനത്തെ സഹകരണ മേഖലയെ തകർക്കുന്ന യാതൊരു നിലപാടും സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടില്ല. ആദായ നികുതി നിയമപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്നും ആദായ നികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്ന വിഷയത്തിൽ അനുകൂല നിലപാട് സ്വീകരിക്കുന്നതിന് പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായുള്ള എം.പി.മാരുടെ യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും അതോടൊപ്പംതന്നെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് സർക്കാർ കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

ആശ്വാസ് പദ്ധതി

25 (*55) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് ഇതുവരെ നൽകിയതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയതെന്ന് വിശദമാക്കുമോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) ഉണ്ട്. സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കടിശ്ശിക കുറയ്ക്കുക, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ ബാങ്കുകളെ പരമാവധി

LIBRARY ARCHIVES Kerala Legislative Assembly

കടിശ്ശികരഹിത സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുള്ളത്. 2015 ഫെബ്രുവരി 1 മുതൽ മാർച്ച് 30 വരെയായിരുന്ന ഈ പദ്ധതിയുടെ കാലയളവ്. എങ്കിലും സഹകാരികളുടെ അപേക്ഷയെത്തുടർന്ന് ഏപ്രിൽ 30 വരെ ദീർഘിപ്പിക്കുകയുണ്ടായി. സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായാണ് ടി പദ്ധതി നടപ്പിലാക്കിയത്.

10 ലക്ഷം രൂപവരെയുള്ള വായ്പകൾ സഹകരണ അദാലത്തിലൂടെയും 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കടിശ്ശിക വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും അടച്ചുതീർക്കുന്നതിനും മരണപ്പെട്ടവർ, മാരകരോഗം ബാധിച്ചവർ/മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ വായ്പാക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/അനാഥർ തുടങ്ങിയവരുടെയും വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റെയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ ഈ പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കടിശ്ശിക കുറയ്ക്കുന്നതിലൂടെ ബാങ്കുകളുടെ നഷ്ടം കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ബാങ്കുകളെ പരമാവധി കടിശ്ശികരഹിത സംഘങ്ങൾ/ബാങ്കുകളാക്കി മാറ്റുക, സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് സഹകരണ മേഖലയിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് 2015 നടപ്പിലാക്കിയിട്ടുള്ളത്.

ടി പദ്ധതി പ്രകാരം 30-4-2015-ലെ സ്ഥിതി അനുസരിച്ച് കാർഷികവും കാർഷികേതരവുമായ വായ്പകളിലായി കടിശ്ശികയായ വായ്പകളിലെ 3214.20 കോടി രൂപയുടെ മുതലും 816.78 കോടി രൂപയുടെ പലിശയും കൂടി ആകെ 4030.98 കോടി രൂപ ഈടാക്കിയെടുക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) മരണപ്പെട്ടവർ, മാരക രോഗം ബാധിച്ചവർ/മാരക രോഗങ്ങൾ ബാധിച്ചവരുടെ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ, അവരുടെ ചികിത്സ, വായ്പാക്കാരന്റെ സംരക്ഷണത്തിൽ ആയിരിക്കുന്നവർ, മാതാപിതാക്കൾ മരണപ്പെടുകയും മാതാപിതാക്കൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എടുത്ത വായ്പ തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന വിദ്യാർത്ഥികൾ/ അനാഥർ തുടങ്ങിയവരുടെ വായ്പകൾ തുടങ്ങി ഓരോ വായ്പക്കാരന്റേയും സ്ഥിതി കണക്കിലെടുത്ത് പരമാവധി ഇളവുകൾ നൽകിയിട്ടുണ്ട്. ആശ്വാസ് 2015 പദ്ധതി പ്രകാരം 30-4-2015-ലെ സ്ഥിതി അനുസരിച്ച് 5,53,800 എണ്ണം കാർഷിക/ കാർഷികേതര വായ്പകളിലായി 140.54 കോടി രൂപ പിഴപ്പലിശയിനത്തിലും മറ്റ് ചെലവുകൾ ഇനത്തിലും ഇളവ് നൽകിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കടിശ്ശിക വായ്പകളിൽ 3214.20 കോടി രൂപ മുതൽ ഇനത്തിലും 816.78 കോടി രൂപ പലിശയിനത്തിലും ഉൾപ്പെടെ ആകെ 4030.98 കോടി രൂപ ഈടാക്കാനും കഴിഞ്ഞിട്ടുണ്ട്.

(ഡി) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജീവനക്കാരുടെ സഹകരണ സംഘങ്ങൾ, പ്രാഥമിക ഭവന സംഘങ്ങൾ, വായ്പാ വിതരണം നടത്തുന്ന മറ്റ് സഹകരണ സംഘങ്ങൾ തുടങ്ങി എല്ലാതലത്തിലുമുള്ള സംഘങ്ങൾ/ബാങ്കുകൾ മുഖേന ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

നിക്ഷേപ സംഗമങ്ങളുടെ ഫലപ്രാപ്തി

26 (*56) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ നിക്ഷേപ സംഗമങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓരോ സംഗമം മുഖേനയും ലക്ഷ്യമിട്ട നിക്ഷേപം സാദ്ധ്യമായിട്ടുണ്ടോ യെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(സി) നിക്ഷേപ സംഗമങ്ങളിൽ നൽകുന്ന വാഗ്ദാനങ്ങളും പങ്കെടുക്കുന്നവർ ആവശ്യപ്പെടുന്ന കാര്യങ്ങളും പ്രായോഗികമാക്കുന്നതിന് സാദ്ധ്യമാക്കുന്നവയായി രുന്നോയെന്ന് വ്യക്തമാക്കുമോ ?